Draft #1 of File 31799/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 29-Aug-2019 03:17 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണവിഭാഗം - 2019 ലെ ഓണം അഡ്വാൻസ് തുക - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 4144/AD A 3/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 29.08.2019

---

പരാമർശം:-1. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് അസോസിയേഷൻ 24.08.2019 തീയതിയിൽ നൽകിയ കത്ത്

2. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ 26.08.2019 തീയതിയിൽ നൽകിയ കത്ത്

**ഉത്തരവ്**

പരാമർശം 1,2 പ്രകാരം സർവകലാശാലയിലെ സർവീസ് സംഘടനകൾ 2019 ലെ ഓണത്തോടനുബന്ധിച്ച് ഫെസ്റ്റിവൽ അഡ്വാൻസ് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് കഴിഞ്ഞ വർഷത്തെ അതേ നിരക്കിൽ തന്നെ താഴെപറയും പ്രകാരം അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

- 2019 ലെ ഓണം അഡ്വാൻസ് തുക ലഭ്യമാക്കാൻ ആഗ്രഹിക്കുന്ന സർവകലാശാലയിലെ സ്ഥിരം ജീവനക്കാർക്ക് 25000/- രൂപ (ഇരുപത്തി അയ്യായിരം രൂപ )നൽകുവാൻ.
- അഡ്വാൻസ് തുക 2500/- രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപ ) വീതം 10 തുല്യമാസ ഗഡുക്കളായി ഒക്ടോബർ മാസത്തിലെ ശമ്പളം മുതൽ തിരികെ ഈടാക്കുവാൻ.

ആയതിലേക്ക് വേണ്ടിവരുന്ന ചെലവ് സർവകലാശാലയുടെ നടപ്പ് സാമ്പത്തിക വർഷത്തെ (2019-20) "24 801 10 ഫെസ്റ്റിവൽ അഡ്വാൻസ്" എന്ന ശീർഷകത്തിൽ വകയിരുത്താവുന്നതാണ്.

കഴിഞ്ഞ വർഷത്തിലെ ഓണം അഡ്വാൻസ് തുക തിരിച്ചടക്കാത്തവർ ഈ വർഷത്തെ അഡ്വാൻസ് തുകയ്ക്ക് അർഹരല്ല. അഡ്വാൻസ് തുക ആവശ്യമില്ലാത്ത ജീവനക്കാർ 02.09.2019 വൈകുന്നേരം 4 മണിക്ക് മുൻപായി ഫിനാൻസ് കമ്പ്യൂട്ടർ സെല്ലിലേക്ക് എഴുതി അറിയിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ,കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് ( വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
6. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/4/ഓഡിറ്റ്1/5/ഐ.ക്യു.എ.സി.
7. എഡി ഡി /എഡി സി.1/2/3.
8. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ